Circular No. 169
**Admission to Children's Homes, Home for the aged & Rehabilitation Centres**

Catholic Metropolitan's House
P.B. No. 71, Kottayam -686 001
Kerala, India

Date: 19 - 03 - 2015

പ്രിയ ബഹു അച്ചാ,

നിർദ്ധനരും ആലംബഹീനരുമായ ബാലികാബാലന്മാരെയും വൃദ്ധജനങ്ങളെയും വികലാംഗരെയും രോഗികളെയും സംരക്ഷിക്കുന്നതിനും പരിശീലിപ്പിക്കുന്നതിനുമായി നമ്മുടെ അതിരൂപതയുടെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലേയ്ക്ക് പ്രവേശനം സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു. അപേക്ഷാഫോറം അതതു സ്ഥാപനങ്ങളിൽനിന്നും ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷാഫോറം മെയ് 5 നകം അതതു സ്ഥാപനങ്ങളിൽ ലഭിച്ചിരിക്കണം.

## A. ബാലഭവനങ്ങൾ

**1. സെന്റ് തോമസ് ബാലികാഭവൻ, കുറുമുള്ളൂർ**

നിർദ്ധനരും സൽസ്വഭാവികളും സമർത്ഥരുമായ പെൺകുട്ടികൾക്ക് 5 മുതൽ 8 വരെ ക്ലാസ്സുകളിലേക്ക് പ്രവേശനം നല്കുന്നു. ഫോൺ: **0481-2731492.**

**2. തിരുബാലനഗർ, ഉഴവൂർ**

നിർദ്ധനരും സൽസ്വഭാവികളും സമർത്ഥരുമായ ആൺകുട്ടികൾക്ക് ഈ സ്ഥാപനത്തിൽ അഞ്ചുമുതൽ എട്ടുവരെ ക്ലാസ്സുകളിലേക്ക് പ്രവേശനം നല്കുന്നു. ഫോൺ: **0482-2240646.**

**3. മാർ മാക്കീൽ ബാലികാഭവൻ, പുന്നത്തുറ**

പുന്നത്തുറ മാർ മാക്കീൽ ബാലികാഭവനിൽ 8-ാം ക്ലാസിലേയ്ക്ക് (2015-2016) കോട്ടയം അതിരൂപതയിൽപ്പെട്ട സമർത്ഥരും സാമ്പത്തികശേഷി കുറഞ്ഞവരും സ്കൂൾ സമീപത്തില്ലാത്തവരുമായ പെൺകുട്ടികൾക്ക് അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. നാട്ടിലുള്ളവർക്ക് അപേക്ഷാഫോറം ബാലികാഭവനിൽ നിന്നും മലബാറിലുള്ളവർക്ക് സമീപത്തുള്ള വിസിറ്റേഷൻ മഠത്തിൽ നിന്നും ലഭിക്കുന്നതാണ്. ഫോൺ: **0481-2542160.** ഏപ്രിൽ 20ന് മുൻപ് അപേക്ഷാ ഫോറം ഈ സ്ഥാപനത്തിൽ ലഭിച്ചിരിക്കണം. Sr. Superior, Mar Makil Balika Bhavan, Punnathura East P.O., Kottayam - 686583.

**4. ബേസ്ത്‌ലായ്, കടുത്തുരുത്തി**

നിർദ്ധനരും സൽസ്വഭാവികളും സമർത്ഥരുമായ ആൺകുട്ടികൾക്ക് 5, 6, 7, 8 ക്ലാസിലേക്ക് ഇവിടെ പ്രവേശനം ലഭിക്കുന്നു. ഇതര സമുദായത്തിൽപ്പെട്ടവർക്കും അപേക്ഷിക്കാം. ഫോൺ: **04829-282528.**

**5. പയസ്സ് ഹോം, പയ്യാവൂർ**

നിർദ്ധനരായവരും പഠിച്ച സ്കൂളിൽ 50 ശതമാനം മാർക്കെങ്കിലുമുള്ളവരുമായ പെൺകുട്ടികൾക്ക് അഞ്ചു മുതൽ എട്ടുവരെ ക്ലാസ്സുകളിലേക്ക് ഈ സ്ഥാപനത്തിൽ പ്രവേശനം ലഭിക്കുന്നതിന് അപേക്ഷിക്കാം. ഫോൺ: **0460-2210163.**

**6. സെന്റ് ജോസഫ്സ് ബാലികാഭവൻ, ഏച്ചോം**

കോട്ടയം അതിരൂപതയിൽപ്പെട്ട നിർധനരും, സമർത്ഥരും, സൽസ്വഭാവികളുമായ പെൺകുട്ടികൾക്ക് എട്ട്, ഒൻപത്, പത്ത് ക്ലാസുകളിലേക്കുള്ള പ്രവേശനം ലഭിക്കുന്നു. ഫോൺ: **04936-286291.**

**7. ആശാഭവൻ, മംഗലഗിരി**

മംഗലഗിരിയിലും സമീപപ്രദേശങ്ങളിലുമുള്ള ആദിവാസികളോ നിർദ്ധനരോ ആയ കുട്ടികൾക്ക് തിങ്കൾ മുതൽ വെള്ളിവരെ ഈ സ്ഥാപനത്തിൽ താമസിച്ച് ലോവർ പ്രൈമറി സ്കൂളിൽ പഠിക്കുവാൻ സൗകര്യമൊരുക്കുന്നു. ഫോൺ: **8281911503.**

## പ്ലസ് ടു പഠനത്തിന്

**1. സീനായ് ഭവൻ പേരൂർ**

ഹൈറേഞ്ച് മേഖലയിലെ നിർദ്ധനരും സമർത്ഥരുമായ പെൺകുട്ടികൾക്ക് പ്ലസ് ടു വിദ്യാഭ്യാസം സൗജന്യമായി നൽകുന്നതിനായി കാരിത്താസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കീഴിൽ പ്രവർത്തിക്കുന്ന സീനായ് ഭവനിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. ഫോൺ: **0481-2532917**

**2. സെന്റ് സ്റ്റീഫൻസ് ചാരിറ്റബിൾ ഓറിയന്റേഷൻ സെന്റർ, ഉഴവൂർ**

നിർദ്ധനരും സമർത്ഥരുമായ പെൺകുട്ടികൾക്ക് സൗജന്യമായി പ്ലസ് ടൂ വിദ്യാഭ്യാസം നൽകുന്നതിനായി ബഹു. വെട്ടുകല്ലേൽ മത്തായി അച്ചനും വിസിറ്റേഷൻ കോൺഗ്രിഗേഷനും ചേർന്ന് ഉഴവൂർ ആരംഭിച്ചിരിക്കുന്ന സെന്ററിലേയ്ക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. ഫോൺ: **0482-2240021.**

## B. അംഗവൈകല്യമുള്ളവർക്കുള്ള സ്ഥാപനങ്ങൾ
## (Homes for the Physically Handicapped)

**1. സെന്റ് തോമസ് അസൈലം, കൈപ്പുഴ**

ദൈവദാസൻ തൊമ്മിയച്ചനാൽ സ്ഥാപിക്കപ്പെട്ട ഭവനത്തിൽ അംഗവൈകല്യമുള്ള പെൺകുട്ടികൾക്കും സ്ത്രീകൾക്കും പ്രായപരിധി നോക്കാതെ പ്രവേശനവും സംരക്ഷണവും പരിശീലനവും നല്കുന്നു. ഫോൺ: **0481-2711191.**

**2. സെന്റ് തോമസ് ഹോം, കിടങ്ങൂർ**

അംഗവൈകല്യമുള്ള പെൺകുട്ടികൾക്കും സ്ത്രീകൾക്കും പ്രായപരിധി നോക്കാതെ പ്രവേശനവും സംരക്ഷണവും പരിശീലനവും നല്കുന്നു. ഫോൺ: **0482-2254059.**

**3. സെന്റ് ജോസഫ്സ് ഹോം, കാപ്പിസെറ്റ്**

അംഗവൈകല്യമുള്ള പെൺകുട്ടികൾക്കും സ്ത്രീകൾക്കും പ്രവേശനവും സംരക്ഷണവും നല്കുന്നു. ഫോൺ: **04936-240918.**

## C. വൃദ്ധമന്ദിരങ്ങൾ (Homes for the Aged)

**1. ബി.റ്റി.എം. വൃദ്ധമന്ദിരം, തെള്ളകം**

നിർധനരും നിരാലംബരും സൽസ്വഭാവികളും വൃദ്ധരുമായ സ്ത്രീകൾക്കും പുരുഷന്മാർക്കും ഇവിടെ അഭയവും സംരക്ഷണവും നല്കുന്നു. പ്രായം 65 ന് മുകളിൽ ആയിരിക്കണം. ഫോൺ: **0481-2790570.**

**2. സെന്റ് ജോൺസ് വൃദ്ധമന്ദിരം, പൂഴിക്കോൽ**

അനാഥരും നിർധനരും 65 വയസ്സിനുമേൽ പ്രായമുള്ളവരുമായ സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രവേശനവും പരിചരണവും ലഭിക്കുന്നു. ഫോൺ: **8547583374.**

## D. ബുദ്ധിവൈകല്യമുള്ളവർക്കുവേണ്ടിയുള്ള സ്ഥാപനങ്ങൾ
## (Homes for the Mentally Challenged)

**1. മാർത്താഭവൻ, പൂഴിക്കോൽ**

ബുദ്ധിവൈകല്യമുള്ളവരും അഞ്ചിനും പന്ത്രണ്ടിനും മദ്ധ്യേ പ്രായമുള്ളവരുമായ നാനാജാതി മതസ്ഥരായ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രവേശനവും പരിശീലനവും നല്കുന്നു. ഫോൺ: **8547503894.**

**2. പ്രതീക്ഷാഭവൻ, കണ്ണൂർ**

കണ്ണൂരിൽ സെന്റ് ജോസഫ്സ് കോൺഗ്രിഗേഷന്റെ നേതൃത്വത്തിൽ ബുദ്ധിവൈകല്യമുള്ള കുട്ടികൾക്കുവേണ്ടിയാണ് ഈ ഡേ സ്കൂൾ പ്രവർത്തിക്കുന്നത്. ഫോൺ: **0497-2746833.**

**3. ജോസ്ഗിരി, ഏറ്റുമാനൂർ**

15 വയസ്സിനുമേൽ പ്രായമുള്ളവരും ബുദ്ധിവൈകല്യമുള്ളവരുമായ പെൺകുട്ടികൾക്കും സ്ത്രീകൾക്കുമാണ് ഇവിടെ പരിശീലനവും സംരക്ഷണവും നല്കുന്നത്. ഫോൺ: **0481-2535834.**

**4. സാൻജോസ് വിദ്യാലയ, ഏറ്റുമാനൂർ**

ഏറ്റുമാനൂരിൽ സെന്റ് ജോസഫ്സ് കോൺഗ്രിഗേഷന്റെ നേതൃത്വത്തിൽ ബുദ്ധിവൈകല്യമുള്ള കുട്ടികൾക്കുവേണ്ടിയാണ് ഈ ഡേ സ്കൂൾ പ്രവർത്തിക്കുന്നത്. മൂന്നു വയസ്സു മുതൽ 18 വയസ്സുവരെയുള്ള ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഇവിടെ അഡ്മിഷൻ ലഭിക്കും. മൂന്നു വയസ്സു മുതൽ 18 വയസ്സ് വരെയുള്ള പെൺകുട്ടികൾക്ക് ബോർഡിംഗ് സൗകര്യവും ഉണ്ടായിരിക്കുന്നതാണ്.

ചലനവൈകല്യമുള്ള കുട്ടികൾക്കുവേണ്ടിയുള്ള Physiotherapy, Speech Therapy Centre ഉം ഈ സ്ഥാപനത്തോടൊപ്പം പ്രവർത്തിക്കുന്നുണ്ട്. ഫോൺ: **0481-2535894.**

**5. സെന്റ് ജോസഫ്സ് ഭവൻ, തോട്ടറ**

സെന്റ് ജോസഫ്സ് കോൺവെന്റിനോടനുബന്ധിച്ചു നടത്തുന്ന ഈ സ്ഥാപനത്തിൽ 14 നും 30 നും മദ്ധ്യേ പ്രായമുള്ളവരും ബുദ്ധിവൈകല്യമുള്ളവരുമായ പെൺകുട്ടികൾക്ക് പ്രവേശനവും പരിശീലനവും നല്കുന്നു. ഫോൺ: **0484-2746675.**

**6. മരിയഭവൻ, ഞീഴൂർ**

14 വയസ്സിനു മുകളിൽ പ്രായമുള്ള ബുദ്ധിവൈകല്യമുള്ള സ്ത്രീകളെ സ്വീകരിച്ച് സംരക്ഷണവും പരിശീലനവും നല്കുന്നു. ഫോൺ: **04829-263117.**

**7. സെന്റ് ജോസഫ്സ് സ്പെഷ്യൽ സ്കൂൾ, ചുള്ളിക്കര**

ചുള്ളിക്കരയിൽ സെന്റ് ജോസഫ്സ് കോൺവെന്റിനോടനുബന്ധിച്ച് മലബാറിലെ ബുദ്ധിവൈകല്യമുള്ള കുട്ടികൾക്കുവേണ്ടി ഈ ഡേ സ്കൂൾ പ്രവർത്തിക്കുന്നു. ഫോൺ: **0467-2226886.**

## E. മരണാസന്നർക്കുവേണ്ടിയുള്ള ഭവനങ്ങൾ (HOSPICES)

**1. സെന്റ് ജോസഫ്സ് ഹോം, ഗാന്ധിനഗർ**

സെന്റ് ജോസഫ്സ് കോൺഗ്രിഗേഷന്റെ നേതൃത്വത്തിൽ മരണാസന്നരായ കാൻസർ രോഗികളെ ഈ സ്ഥാപനത്തിൽ സംരക്ഷിച്ചു പരിപാലിക്കുന്നു. ഫോൺ: **0481-2598490.**

**2. ജ്യോതിർഭവൻ, ഗാന്ധിനഗർ**

എച്ച്.ഐ.വി.-എയ്ഡ്സ് രോഗികളായ സ്ത്രീകൾക്ക് സംരക്ഷണവും പരിചരണവും നൽകുന്ന ഈ സ്ഥാപനം സെന്റ് ജോസഫ്സ് കോൺഗ്രിഗേഷന്റെ നേതൃത്വത്തിൽ കോട്ടയം മെഡിക്കൽ കോളേജിന് സമീപം പ്രവർത്തിക്കുന്നു. ഫോൺ: **0481-2598990.**

സസ്നേഹം,

**മോൺ. മാത്യു ഇളപ്പാനിക്കൽ**
പ്രോ പ്രോട്ടോസിഞ്ചെല്ലൂസ്

P.S. ഈ സർക്കുലറിലെ വിവരങ്ങൾ ഏപ്രിൽ 5-ാം തീയതി ഞായറാഴ്ച പള്ളികളിൽ അറിയിക്കേണ്ടതാണ്.